# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** **23.08.2017 ൽ മറുപടിക്ക്**

**ചോദ്യം നമ്പർ : 3700**

**കെ.എസ്.ഐ.ഡി.സി. യുടെ ഭൂമി മലപ്പുറം സർക്കാർ വനിതാ കോളേജിന് വിട്ട് നൽകുവാൻ നടപടി**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. പി. ഉബൈദുള്ള** | | **ശ്രീ. എ.സി. മൊയ്തീൻ**<br>**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) | മലപ്പുറം സർക്കാർ വനിതാ കോളേജ് സ്ഥാപിക്കുന്നതിന് പാണക്കാട് വില്ലേജിലെ കെ.എസ്.ഐ.ഡി.സി. യുടെ ഉടമസ്ഥതയിലുള്ള അഞ്ച് ഏക്കർ ഭൂമി സറണ്ടർ ചെയ്യുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ; | (എ)<br>(ബി)<br>(സി)<br>&<br>(ഡി) | മലപ്പുറം സർക്കാർ വനിതാകോളേജിന് 5 ഏക്കർ സ്ഥലവും മലബാർ ക്യാൻസർ സെന്റർ & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന് 25 ഏക്കർ സ്ഥലവും ചേർത്ത് 30 ഏക്കർ സ്ഥലം INKEL - KSIDC സംയുക്ത സംരംഭമായ I N K I D ന് അനുവദിച്ച **243** ഏക്കർ ഭൂമിയിൽ നിന്ന് തിരിച്ചെടുക്കുന്നതിനും റവന്യൂ വകുപ്പിൽ നിക്ഷിപ്തമാക്കുന്നതിനും വേണ്ടി 03.02.2016 ൽ ജി. ഒ. (ആർ ടി) നം. 132/2016/ഐഡി പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.<br>കെ എസ് ഐ ഡി സി യും ഇൻകെലും തമ്മിലുള്ള സംയുക്തസംരംഭമായ ഇൻകിഡ് രൂപീകരിച്ചതും, തുടർന്ന് മലപ്പുറത്ത് **243** ഏക്കർ ഭൂമി ഇൻകിഡിന് പാട്ട വ്യവസ്ഥയിൽ നൽകിയതും 26.07.2008 ലെ ജി ഒ (ആർ ടി) നം. 836/2008/വ്യവ. ഉത്തരവ് പ്രകാരമാണ്. എന്നാൽ 02.03.2016 ലെ റവന്യൂ വകുപ്പിന്റെ ജി. ഒ (എം എസ്) നം. 224/2016/ആർ ഡി ഉത്തരവ് പ്രകാരം 26.07.2008 ലെ മേൽ സർക്കാർ ഉത്തരവ് റദ്ദ് ചെയ്യപ്പെടുകയുണ്ടായി. ഇതിൽ ചില ന്യൂനതകൾ ശ്രദ്ധയിൽപ്പെട്ടതിനാൽ വ്യക്തത വരുത്തിയതിനു ശേഷം മാത്രമേ പാട്ടക്കരാർ പുതുക്കാൻ സാധിക്കുകയുള്ളൂ. ഇക്കാര്യത്തിൽ കാലതാമസം നേരിട്ടാലും ജില്ലാ കളക്ടർക്ക് കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ വിട്ടുനൽകിയിട്ടുള്ള ഭൂമിയിൽ കോളേജ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഉടനടി തുടങ്ങാവുന്നതാണ്. |
| (ബി) | കെ.എസ്.ഐ.ഡി.സി. യും INKID ഉം ചേർന്നുള്ള പാട്ടക്കരാർ പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | | |
| (സി) | കെ.എസ്.ഐ.ഡി.സി. പാട്ടക്കരാർ പുതുക്കാൻ വൈകുന്ന പക്ഷം ഭൂമിയുടെ കൈവശാവകാശം നൽകി കോളേജിന് സ്ഥലം വിട്ട് നൽകുവാൻ സാങ്കേതിക തടസ്സങ്ങളുണ്ടോ; | | |
| (ഡി) | ഇല്ലെങ്കിൽ കോളേജ് സ്ഥാപിക്കുവാൻ എത്രയും വേഗം സ്ഥലം വിട്ട് നൽകുമോ എന്നറിയിക്കാമോ? | | |

**സെക്ഷൻ ഓഫീസർ**